സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്,തിരുവനനതപുരം

dtekerala@gmail.com

04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം,തിരുവനന്തപുരം - കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ നിന്നും കോഴിക്കോട് സർക്കാർ എൻജിനീയറിംഗ് കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ട - ശ്രീമതി.ശ്രീലത എൻ കെ, ട്രേഡ് ഇൻസ്ട്രക്ടർ (പ്ലംബിങ്) (PEN:396399) - സാമൂഹിക മാധ്യമത്തിലൂടെ സർക്കാരിനേയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥാപന മേധാവി എന്നിവരെ അധിക്ഷേപം - സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ബി) വിഭാഗം**

**നമ്പർ.DTETVM/8386/2024-EB2 (EB)** **തിരുവനന്തപുരം,തീയതി.15-02-2025**

---

വായനഃ-

1. 29/01/2024 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള EB2/2129/23/DTE നമ്പർ കത്ത്.
2. 11/09/2024 തീയതിയിൽ ശ്രീമതി.ശ്രീലത എൻ കെ, ട്രേഡ് ഇൻസ്ട്രക്ടർ (പ്ലംബിങ്)യ്ക്കെതിരെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ച പരാതി.
3. 07/01/2025 തീയതിയിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ പ്രിൻസിപ്പാളിന്റെ GCEKNR/2982/2024 E1 നമ്പർ റിപ്പോർട്ട്.
4. 22/01/2025 തീയതിയിലെ ഈ കാര്യാലയത്തിലെ വിജിലൻസ് കമ്മിറ്റി തീരുമാനം.
5. 31/01/2025 തീയതിയിലെ ഈ കാര്യാലയത്തിലെ DTETVM/8386/2024-EB2 (EB) നമ്പർ സ്ഥലംമാറ്റ ഉത്തരവ്.
6. 15/02/2025 തീയതിയിൽ ഈ കാര്യാലയത്തിൽ ലഭിച്ച ഇ മെയിൽ മുഖേനയുള്ള പരാതി, യൂട്യൂബ് ചാനൽ വീഡിയോ.

**ഉത്തരവ്**

മേൽ സൂചന (1) പ്രകാരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ - ലെ ട്രേഡ് ഇൻസ്ട്രക്ടർ (പ്ലംബിങ്) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ശ്രീലത എൻ കെ യ്ക്ക് (PEN:396399) യൂട്യൂബ് ചാനൽ തുടങ്ങുന്നതിന് അനുമതി നിഷേധിച്ച് ഈ കാര്യാലായത്തിൽ നിന്നും കത്ത് നൽകിയിരുന്നു. എന്നാലും വകുപ്പിന്റെ നിർദേശം മാനിക്കാതെ ശ്രീമതി .ശ്രീലത എൻ കെ യൂട്യൂബ് ചാനൽ ആരംഭിക്കുകയും നിരന്തരം വീഡിയോകൾ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ പരാതി ലഭിക്കുകയും ആയതിന്മേൽ ജീവനക്കരിയോട് വിശദീകരണം ചോദിക്കുകയും സൂചന (3)പ്രകാരം സ്ഥാപന മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ജീവനക്കാരിയുടെ വിശദീകരണം തൃപ്തികരമല്ലാതി രിക്കുകയും ഈ കാര്യാലയത്തിൽ നിന്നുള്ള നിർദേശം വകവെയ്ക്കാതെ യു ട്യൂബ് ചാനൽ തുടങ്ങിയതും മോശമായ വീഡിയോകൾ അപ്‌ലോഡ് ചെയ്യുന്നതും സ്ഥാപന മേധാവിയെയും ഉദ്യോഗസ്ഥരെയും നിരന്തരം സാമൂഹിക മാധ്യമത്തിലൂടെ അധിക്ഷേപിക്കുകയും ചെയ്യുന്നതും, വകുപ്പ് ഗൗരവമായി കാണുകയും സൂചന (4) തീരുമാനപ്രകാരം സ്ഥലം മാറ്റുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ശ്രീമതി.ശ്രീലത എൻ കെ സ്ഥലം മാറ്റപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.

സൂചന (6) പ്രകാരം സർക്കാരിനേയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥാപന മേധാവി എന്നിവരെ അധിക്ഷേപ പരാമർശം നടത്തുന്നതായി പരാതി ലഭിക്കുകയും, ആയത് വിശദമായി പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ജീവനക്കാരി പെരുമാറ്റ ചട്ടം ലംഘിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 60(എ) ലംഘിച്ചതിനാൽ 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ നിന്നും കോഴിക്കോട് സർക്കാർ എൻജിനീയറിംഗ് കോളേജിലേക്ക് സ്ഥലം മാറ്റപ്പെട്ട ശ്രീമതി.ശ്രീലത എൻ കെ, ട്രേഡ് ഇൻസ്ട്രക്ടർ(പ്ലംബിങ്) യെ ഉടൻ പ്രാപല്യത്തിൽ സേവനത്തിൽ നിന്നും അന്വേഷണവിധേയമായി വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1, കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കും.

**SHALIJ P R**

**DIRECTOR**

പകർപ്പ്:-

1. ശ്രീമതി.ശ്രീലത എൻ കെ,ട്രേഡ് ഇൻസ്ട്രക്ടർ (പ്ലംബിങ്)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഒദ്യോഗിക വെബ്സൈറ്റ് മുഖേന)
3. ഐ റ്റി ഡിവിഷൻ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്

Signed by
Shalij P R
Date: 15-02-2025 19:10:32